# തെങ്ങിൽ നിന്നുള്ള ഉൽപ്പന്നങ്ങൾ കർഷകർക്ക് നേട്ടം: മുഖ്യമന്ത്രി



നാളികേര വികസനബോർഡിന്റെ ആഭിമുഖ്യത്തിൽ എറണാകുളത്ത് നടത്തിയ നീര ലൈസൻസ് വിതരണം മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. എം.എൽ.എമാരായ ലൂഡി ലൂയിസ്, ഹൈബി ഈഡൻ, മന്ത്രി കെ.ബാബു പ്രഫ. കെ.വി തോമസ് എം.പി, ബെന്നി ബഹനാൻ എം.എൽ.എ മേയർ ടോണി ചമ്മിണി എന്നിവർ സമീപം.

കൊച്ചി: തെങ്ങിൽ നിന്നുള്ള വർധിത ഉൽപ്പന്നങ്ങൾമൂലം കേരളത്തിലെ നാളികേര കർഷകർക്ക് സാമ്പത്തിക നേട്ടം ഉണ്ടായിട്ടുണ്ടെന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി പ്രസ്താവിച്ചു. നീര ഉൽപ്പാദനത്തിനായി ഒരു തെങ്ങ് വിട്ടുകൊടുത്ത കർഷകന് പ്രതിമാസം 3000 രൂപ വരെ ലഭിക്കുന്നുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

നീര ഉൽപ്പാദനത്തിനായി 112 വർഷം പഴക്കമുള്ള എക്സൈസ് നിയമത്തിലാണ് ഭേദഗതി വരുത്തിയതെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി.നാളികേര വികസന ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഫെഡറേഷനുകൾക്ക് നീര ഉൽപ്പാദിപ്പിക്കുന്നതിനുള്ള ലൈസൻസുകൾ എറണാകുളം ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ വിതരണം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി.

താൻ ഗുജറാത്തിൽപോയപ്പോൾ അവിടെവച്ച് മഹാത്മാ ഗാന്ധിയുടെ പ്രസംഗങ്ങൾ ഉൾപ്പെട്ട പുസ്തകത്തിൽ അന്നുതന്നെ തെങ്ങിൽനിന്നുള്ള നീര ഉല്പാദനത്തെ സംബന്ധിച്ച് ഗാന്ധിജി പറഞ്ഞിരുന്ന കാര്യം മുഖ്യമന്ത്രി അനുസ്മരിച്ചു.

ഫിലിപ്പൈയിൻസിൽ നീര വില്പന നടത്തുന്നതിന് ഗാന്ധിയുടെ വാക്കുകൾ ഉപയോഗിക്കുന്നുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ സമ്പദ്‌വ്യവസ്ഥ നിലനില്ക്കുന്നത് റബ്ബർ, തെങ്ങ്, നെല്ല് എന്നിവയിൽ അധിഷ്ഠിതമാണ്. ഇതിൽ ഏതുവിഭാഗത്തിനും കോട്ടവും, നേട്ടവും ഉണ്ടായാൽ അത് കേരളത്തിന്റെ വളർച്ചയേയും, തളർച്ചയേയും ബാധിക്കുമെന്ന് മുഖ്യമന്ത്രി പ്രത്യേകം എടുത്തുപറഞ്ഞു. കേരളത്തിന്റെ വ്യവസായ പുരോഗതിയിൽ നീരയ്ക്ക് വലിയ പങ്കുവഹിക്കുവാനുണ്ട്.

കേരളത്തിൽ നീരപോലെ തന്നെ 100 കണക്കിന് പുതിയ മേഖലകൾ ഉപയോഗപ്പെടുത്താതെ കിടക്കുന്നുണ്ട്. ഇത് നാം വേണ്ട വിധത്തിൽ കണ്ടെത്തി പ്രായോഗികമായി ഉപയോഗപ്പെടുത്തണമെന്ന് മുഖ്യമന്ത്രി നിർദ്ദേശിച്ചു.

നീര ഉല്പാദിപ്പിക്കുന്നതിനായി അപേക്ഷിച്ചിട്ടുള്ളവർക്ക് എത്രയും വേഗം അനുമതി നല്കുമെന്ന് മുഖ്യമന്ത്രി ഉറപ്പുനല്കി. നീര പ്രായോഗികമായി വിപണിയിൽ എത്തിക്കുന്നതിന് മുൻകൈ എടുത്ത മന്ത്രി കെ. ബാബുവിനേയും, നാളികേര വികസന ബോർഡ് ചെയർമാൻ ടി. കെ. ജോസിനേയും മുഖ്യമന്ത്രി പ്രത്യേകം അഭിനന്ദിച്ചു.

നീരയുടെ ഉല്പാദനം കേരളത്തിൽ വിപ്ലവകരമായ മാറ്റമാണ് ഉണ്ടാക്കിയിരിക്കുന്നതെന്ന് ചടങ്ങിൽ അധ്യക്ഷതവഹിച്ച മന്ത്രി കെ. ബാബു പറഞ്ഞു. സാമ്പത്തികരംഗത്തും നീര മാറ്റമുണ്ടാക്കുമെന്നും മന്ത്രി പറഞ്ഞു. മദ്യവില്പന ഇല്ലാതാക്കാനുള്ള സർക്കാരിന്റെ നീക്കത്തിന് നീര ഉല്പാദനം സഹായകരമാകും.

നീരയിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിതരണം പ്രൊഫ. കെ.വി. തോമസ് എം.പി. നിർവഹിച്ചു.

എംഎൽഎമാരായ ഹൈബി ഈഡൻ, ഡൊമിനിക് പ്രസന്റേഷൻ, ബെന്നി ബഹനാൻ, ലൂഡി ലൂയിസ്, മേയർ ടോണി ചമ്മിണി, ഹോർട്ടി കോർപ്പ് ചെയർമാൻ ലാൽ വർഗീസ് കല്പകവാടി, ഷാജഹാൻ കാഞ്ഞിരവിളയിൽ, ബാബു ജോസഫ്, ഡോ. സി. മോഹൻകുമാർ, അനിൽ സേവ്യർ ഐഎഎസ്, ടി.കെ. ജോസ് ഐഎഎസ്, സുഗത ഘോഷ് ഐഎഎസ് എന്നിവർ പ്രസംഗിച്ചു.